# മാപ്പിളപ്പാട്ടുകൾ സംരക്ഷിക്കാൻ...

- കോന്നിയൂർ ആർ. നരേന്ദ്രനാഥ് -

**കേ**രള സംഗീതത്തിന്റെ സമ്പന്നമായ ഒരു ശാഖയാണ് മലബാർ പ്രദേശത്തു പരിണാമപ്പെട്ടിട്ടുള്ള മാപ്പിളപ്പാട്ട് അതിനെ തികഞ്ഞ തോതിൽ നാടോടിപ്പാട്ടെന്ന വിശേഷിപ്പിക്കാമെങ്കിലും, കഥകളി സംഗീതത്തെപ്പോലെ പ്രാദേശിക സംഗീതമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും ഉത്തമം. സംഗീത ശാസ്ത്രത്തിന്നാധാരങ്ങളായ ശാസ്ത്രീയ സവിശേഷതകൾ അടിസ്ഥാനപ്പെടുത്തി പ്രാദേശിക സംഗീതത്തെ വിലയിരുത്തുന്നതിന്ന ശ്രമിക്കുമ്പോൾ ചില ഘടകങ്ങൾ നിലനിൽക്കുന്നതായി ബോദ്ധ്യപ്പെടും. ശാസ്ത്രീയ സംഗീതമെന്നു വിവക്ഷിക്കുമ്പോൾ, നാം കണക്കിലെടുക്കുന്നതു് ഇവിടെ കർണ്ണാടക സംഗീതത്തെയാണല്ലോ. കർണ്ണാടക സംഗീതത്തിന്റെ പശ്ചാത്തലത്തെ മാത്രമാധാരമാക്കി കഥകളിപ്പാട്ടിനേയും മാപ്പിളപ്പാട്ടിനേയും വിലയിരുത്തുമ്പോൾ, അവയിൽ ചില ഘടകങ്ങൾ, അതിർ വരമ്പുകൾക്കുള്ളിൽ ഒതുങ്ങാത്തവയായും, ഉൾപ്പെടുത്താനാവാത്തവയായും കണ്ടെന്നുവരും. യഥാർത്ഥത്തിൽ ഈ ഭാവങ്ങളിലാണുതാനും ഈ പ്രാദേശിക ഗാനങ്ങളുടെ വ്യക്തിത്വം നിറഞ്ഞു നിൽക്കുന്നതും. കർണ്ണാടക സംഗീതത്തിന്റെ നിശ്ചിതങ്ങളായ നിയമങ്ങൾ ഇവിടെ പ്രായോഗികങ്ങളാകുന്നില്ല. എല്ലാ സംഗീതത്തിന്റെയും ആധാരാംശങ്ങളായ ശ്രുതിലയങ്ങൾ ഈ പ്രാദേശിക ഗാനങ്ങളും അനുസരിക്കാതെ വയ്യാ. ശ്രുതിയും ലയവും ഇല്ലാത്ത സംഗീതം സംഗീതമല്ലല്ലോ.

## രാഗതാളങ്ങളുടെ ശാശ്വതത്വം

സംഗീത ശാസ്ത്രപണ്ഡിതന്മാരായ ഗാനരചയിതാക്കൾ തങ്ങളുടെ കൃതികൾ ചമയ്ക്കുമ്പോൾ, അതിനു് നിശ്ചിതമായ രാഗവും താളവും നിർണ്ണയിക്കുന്നു. അത്തരം കൃതികൾ ആലപിക്കുന്ന ഭാഗവതന്മാർ അവ അനുസരിച്ച് കൃതികൾ അഭ്യസിച്ച്, സംഗീത സൃഷ്ടികൾ അവതരിപ്പിക്കുവാൻ നിർബ്ബന്ധിതരാണ്. ചിട്ട ചെയ്ത് സ്വരപ്പെടുത്തി നിശ്ചിതരൂപം നൽകിയിട്ടുള്ള കൃതികളുടെ രൂപഭാവങ്ങൾക്ക് വ്യതിയാനം വരുത്താവുന്നതല്ല. മനോധർമ്മത്തിനു് വിധേയമായി മാററ് കൂട്ടാനോ, ആവിഷ്ക്കരണഭംഗിക്ക് ആസ്വാദ്യത വർദ്ധിപ്പിക്കുവാനോ കഴിയുമെന്നല്ലാതെ, കൃതിയുടെ ''ജന്മസിദ്ധമായ'' രാഗതാളങ്ങൾക്ക് വ്യത്യാസം വരുത്തുവാൻ സാധിക്കുകയില്ല. അങ്ങിനെ നിർദ്ദിഷ്ടമായ ചിട്ടയ്ക്കു വിരുദ്ധമായി അവതരിപ്പിക്കുമ്പോൾ അതു് അപഥ സഞ്ചാരമായിട്ടേ സംഗീത മർമ്മജ്ഞന്മാർ പരിഗണിക്കുകയുള്ളൂ. ഇതു കാരണം ശാസ്ത്രീയ സംഗീത കൃതികൾക്കു് കാലപ്പഴക്കംകൊണ്ടോ, പ്രയോഗ വ്യത്യാസങ്ങൾകൊണ്ടോ സാരമായ വ്യതിയാനങ്ങൾ വരാതെ സ്ഥിരമായി നില നില്ക്കുന്നതിനുള്ള വഴിയുണ്ടാകുന്നു. കർണ്ണാടകമായ സംഗീത വിശാരദന്മാരായ ത്യാഗരാജൻ, ദീക്ഷിതർ ശ്യാമ ശാസ്ത്രി തുടങ്ങിയവർ രചിച്ചിട്ടുള്ള കൃതികൾ, ആദിയിൽ തൽക്കർത്താക്കൾ രചിച്ച നിലയിൽ നിന്ന് വ്യതിചലിക്കാതെ ഇന്നും നിലനിൽക്കുന്നത് ഈ കാരണങ്ങളാലത്രെ. മറെറാരു തരത്തിൽ പറഞ്ഞാൽ, ഇത്തരം കൃതികൾക്ക് ശാശ്വതത്വമുണ്ട് — രൂപത്തിലും ഭാവത്തിലും മാത്രമല്ല രാഗതാളങ്ങളുടെ കാര്യത്തിലും.

സംഗീതജ്ഞരായ ഗാനരചയിതാക്കളെല്ലാം ഈ വിധത്തിലാണ് അവരുടെ കൃതികൾ സംഭാവന ചെയ്തിട്ടുള്ളതെന്നു കരുതരുത്. ഏതെങ്കിലും രംഗത്തിലും താളത്തിലും ഒരു കൃതി അവർ രചിച്ചിരിക്കാം. എന്നാൽ അതു് സ്വരപ്പെടുത്തി ചിട്ട ചെയ്തുവച്ചെന്നുവരുകയില്ല. ഇങ്ങനെയുള്ള സ്ഥിതിയിൽ, സംഗീത ശാസ്ത്ര പാണ്ഡിതന്മാർ അത്തരം കൃതി സ്വരപ്പെടുത്തി.

ആധികാരികമായി രേഖപ്പെടുത്തിയവയുമാക പതിവാണ്. പിൽക്കാലത്ത് ആകൃതി കച്ചേരിക്കായി സ്വീകരിച്ച് പാടുന്നതു്, ആധികാരികമായി സ്വരപ്പെടുത്തിയിട്ടുള്ളതു് അഭ്യസിച്ചായിക്കും, ഈ വിധത്തിലാണ് സ്വാതിതിരുനാൾ, കെ. സി. കേശവപിള്ള, ഇരയിമ്മൻതമ്പി തുടങ്ങിയ മലയാളത്തിലെ ഗാനരചയിതാക്കളുടെ സംഗീത സൃഷ്ടികൾ ഇന്നു് നമുക്ക് ആലപിക്കുവാൻ സിദ്ധിച്ചിട്ടുള്ളതു്. ഇവിടെയും സംഗീതസൃഷ്ടികർത്താവിന്റെ ആഗ്രഹാനുസരണമുള്ള രാഗതാളങ്ങൾ ആസ്പദമാക്കി, കൃതികൾ പിൽക്കാലത്ത് സംഗീതജ്ഞന്മാർ കൈകാര്യം ചെയ്യും. അവക്ക് ഭാവഭേദങ്ങൾ സംഭവിക്കാതെ നില നിൽക്കുന്നതിനുള്ള അവസരം ഇത് കൊണ്ട് സംജാതമാകുന്നു.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്നു് തികച്ചും വ്യത്യസ്തമായ സ്ഥിതിയാണ് നാടോടിപ്പാട്ടുകൾക്കും പ്രാദേശിക സംഗീത കൃതികൾക്കും ഉള്ളതു്. ഈണമെന്നും മട്ടെന്നും മററുമുള്ള നിർദ്ദേശങ്ങളല്ലാതെ ഇത്തരം കൃതികൾക്കു് മിക്കപ്പോഴും സ്ഥായിയായ രാഗതാളക്രമങ്ങളൊന്നുമില്ല. ഭാവരസങ്ങൾ പ്രകടിപ്പിക്കാനുതകുന്ന ഉത്തമങ്ങളായ ഈണവുംമട്ടുംമററും സ്വീകരിച്ച്, അതു പാടുന്ന ആളിന് സ്വാതന്ത്ര്യംകാണിച്ച്, ഇഷ്ടാനുസരം ആലപിക്കുവാനുള്ള അവസരം വേണ്ടുവോളമുണ്ട്. ഇതു് കാരണം പഴയ ഈണവും മട്ടും മററും മാററി അവർ പാട്ടുകൾ പാടുകയും ചെയ്യും. മററൊരു വിധത്തിൽ പറഞ്ഞാൽ, നാടൻപാട്ടുകളും പ്രാദേശികസംഗീതകൃതികളും ദുസ്വാതന്ത്ര്യത്തിനു് വിധേയമായിത്തീരുന്നതിനുള്ള സാധ്യത വളരെയധികമാണ്. ഇത് തന്നെയാണ് ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതും. കഥകളിപ്പദങ്ങൾ വടക്കൻ രീതിയിലും, തെക്കൻ രീതിയിലും, എന്തിനു് ഓരോ ഭാഗവതരുടേയും ദുസ്വാതന്ത്ര്യങ്ങൾക്ക് വിധേയമായി ഇന്നു് നാം പലപ്പോഴും കേൾക്കാറുണ്ട്. ഒരു പാട്ടുകാരൻ പാടുന്നത്. പദത്തിന്റെ നിർദ്ദിഷ്ടമായ നിലയിലാണൊയെന്നു് നിർണ്ണയിക്കുന്നതിന്നു് സംഗീതരസികന്മാർക്ക് അവസരമില്ല; വഴിയുമില്ല. ഭാവരസങ്ങൾക്ക് വലിയ ഹാനിയുണ്ടായില്ലെങ്കിൽ, നന്നായി എന്നു് പറയുവാനല്ലാതെ, തെററ് ചൂണ്ടിക്കാനോ അപഥസഞ്ചാരം തടയാനോ സംഗീതജ്ഞന്മാർക്കും സാധിക്കുന്നില്ല.

## സംഗീത കൃതികൾ ദുസ്വാതന്ത്ര്യത്തിന്നു് വിധേയമാകരുത്

അതിമനോഹരങ്ങളായ ഈണങ്ങളോട് കൂടി മുമ്പ് ആലപിച്ചുവന്നിരുന്ന പല നാടോടിപ്പാട്ടുകളും, പാട്ടുകാരന്റെ ദുസ്വാതന്ത്ര്യങ്ങൾക്ക് വിധേയങ്ങളായി പഴയ രൂപം തന്നെ അപ്പാടെ മാററി ഇന്നു് കേൾക്കുവാൻ ഇടയാകാറുള്ളത് എത്രയാണ്! മുമ്പ് ഇത്തരം ഗാനങ്ങളുമായി പരിചയിച്ചിരുന്നവർക്കല്ലാതെ, ഈ പാട്ടുകളിൽ കടന്നുകൂടിയ കള്ളത്തരം കണ്ടെത്തുവാൻ സാധിക്കുകയുമില്ല. എന്നാൽ പഴയതുമായി പരിചയമുള്ള ഇത്തരക്കാരുടെ എണ്ണം നാൾക്കുനാൾ നന്നേ കുറഞ്ഞുവരുന്നു. പഴയ സ്വരൂപം നഷ്ടപ്പെട്ട് വിരൂപിയായിത്തീരുന്ന നാടൻ പാട്ടുകൾ ഒരു തരം കള്ളനാണയങ്ങളായി പ്രചരിക്കുന്നു. ഈ പ്രവണതയ്ക്കു് ഏററവും വലിയ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നത്. ചലച്ചിത്രങ്ങളിലൂടെ പുറത്തുവരുന്ന പാട്ടുകളാണ്. എത്ര മനോഹരമായ പാട്ടോടുകൂടിയ നാടോടിപ്പാട്ടും ചലച്ചിത്ര സംഗീത സംവിധായകന്റെ കയ്യിൽ കിട്ടിയാൽ അയാൾക്ക് ഇഷ്ടമുള്ള ഈണവും താളവുമിട്ട് കപട സന്യാസിയെ പോലെ, പ്രത്യക്ഷപ്പെടുത്തുകയാണ് പതിവ്. ഉദാഹരണങ്ങൾ എടുത്തു കാണിക്കേണ്ട ആവശ്യമില്ല-പലക്കും പരിചയമുള്ള കാര്യമായതുകൊണ്ട്. ഇവിടെ നാടൻപാട്ടുകളുടെ ഗാനശൈലി അപ്രത്യക്ഷമാകാനുള്ള സാഹചര്യമാണ് ഉളവാകുന്നതു്.

മാപ്പിളപ്പാട്ടുകളുടെ കാര്യത്തിലും ഇപ്പറഞ്ഞ കാര്യങ്ങൾ സത്യമാണ്. സ്വതവേയുള്ള, ശുദ്ധമായ ഗാനശൈലിയിൽ തകർച്ചയും തളർച്ചയും സംഭവിക്കുന്നില്ലേയെന്ന കാര്യം ചിന്തനീയമാണ്. പാട്ടുകളുടെ ചൈതന്യവും ശോഭയും ആസ്വാദ്യതയും ഇതുമൂലം കുറയുകയല്ലേ ചെയ്യുന്നത്? അത് അനുവദിക്കത്തക്കതാണോ? ശുദ്ധമായ രൂപഭാവങ്ങൾ നിജപ്പെടുത്തി, നിരാക്ഷേപമായ രീതിയിൽ വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി മാപ്പിളപ്പാട്ടുകൾ സംരക്ഷിക്കുവാനും സംഭരിച്ചുവെക്കുവാനും നിർബ്ബന്ധബുദ്ധിയോടുംലക്ഷ്യബോധത്തോടും കൂടി നിർമ്മത്സര ബുദ്ധികൾ പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. മാപ്പിളപ്പാട്ടുകളുടെ ആത്മാവ് നഷ്ടപ്പെട്ടാൽ, അവയുടെ വ്യക്തിത്വവും നഷ്ടമാകും. അത് കേരളീയ സംഗീതത്തിനു് സംഭവിക്കാവുന്ന ഏററവും വലിയ ദുരന്തമായിരിക്കുമെന്നേ പറയാനുള്ളൂ.

## മാപ്പിളപ്പാട്ടുകൾക്ക് നൊട്ടേഷൻ

പാട്ടുകളുടെ അന്ത:സത്തയായ സംഗീതാംശത്തെ സ്വാംശീകരിക്കുവാനുതകുന്ന, രേഖാമൂലം സംഭരിക്കുവാനും പ്രസിദ്ധപ്പെടുത്തുവാനുമുതകുന്ന ഒരു സാങ്കേതിക സംവിധാനത്തിനു രൂപം നൽകുവാനുള്ള ഒരു പ്രയത്നം ഉണ്ടാകേണ്ടതാണ്. പാശ്ചാത്യ നാട്ടുകളിലും മററും നാടോടി ഗാനങ്ങളും പ്രാദേശിക സംഗീത പദ്ധതികളുംഈവിധത്തിൽ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം

കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ടു്. 'മ്യൂസിക്കൽ നൊട്ടേഷൻ' (Staff Nstation) എന്ന സാങ്കേതിക സംജ്ഞയിൽ അറിയപ്പെടുന്ന ഈ രീതി നമ്മുടെതായി സ്വരൂപിക്കേണ്ടിയിരിക്കുന്നു. അതുണ്ടായാൽ, ശാസ്ത്രീയ സംഗീതത്തിൽ സ്വരപ്പെടുത്തലുപോലെയുള്ള ഏർപ്പാടുകൾ കൊണ്ടു് കൃതികൾക്കു് വ്യതിയാനങ്ങൾ സംഭവിക്കാതെ സൂക്ഷിക്കാൻ കഴിയുന്നതുപോലെ, നാടൻ പാട്ടുകൾക്കും, പ്രാദേശിക സംഗീതത്തിനും, തകർച്ചയും തകരാറും, കളങ്കവും ഉണ്ടാകാതെ പരിപാലിക്കാനൊക്കും ആധികാരികമായ സ്വരസംവിധാനത്തോടുകൂടിയ കൃതികൾ പ്രസിദ്ധപ്പെടുത്തേണ്ടതാണു്.

പാട്ടുകളുടെ കാര്യത്തിൽ കൃതിയുടെ വാക്കുകൾക്കു് ഉള്ളതിനെക്കാൾ പ്രാധാന്യവും, അവയുടെ ഈണത്തിനു്, അതായതു്, സംഗീതാംശത്തിനാണു്. അക്ഷരാർത്ഥത്തിൽ നിസ്സാരങ്ങളും പലപ്പോഴും ബാലിഗങ്ങളും യുക്താഹീധങ്ങളുമായി തോന്നുന്ന കൃതികൾ, സംഗീതാവിഷ്കരണത്തിൽ അത്യാകർഷകങ്ങളായി അനുഭവപ്പെടാറുള്ളതു് അപൂർവ്വമല്ലല്ലോ. ഇതിനു കാരണം, കൃതികളുടെ വാക്കുകളും അവ ഉൾക്കൊള്ളുന്ന ആശയങ്ങളും സംഗീതാംശമെന്ന ഗംഗാ ജലപ്പരപ്പിലെ നുരയും പതയും മാത്രമാണെന്നുള്ളതത്രേ. അച്ചടിച്ചും എഴുതിയും ശേഖരിച്ചു വച്ചിട്ടുള്ള നാടൻപാട്ടുകളിൽ ഒട്ടുമുക്കാലും ഇതു് തെളിയിക്കുന്നുമുണ്ടു്. ആശയ ഗാഭീര്യവും സംഗീത സാന്ദ്രതയും ഒന്നുപോലെ ഒത്തിണങ്ങിയിട്ടുള്ള കൃതികൾ താരമ്യേന കുറവാണെന്നോ ഇവിടെ അർത്ഥമാക്കുന്നുള്ളൂ. എങ്കിലും നാടോടിപ്പാട്ടുകളും പ്രാദേശിക സംഗീത കൃതികളും ഹൃദയത്തെ വല്ലാതെ വശീകരിക്കുന്നു. വികാരങ്ങളുടെ തനതായ പ്രപഞ്ചം സൃഷ്ടിക്കുന്നു. അതിനുള്ള ശക്തിയരുളുന്നതു് അവയിലെ സംശുദ്ധവും ചൈതന്യവത്തുമായ സംഗീതാംശം തന്നെ. അതു കളങ്കമേൽക്കാതെ പരിരക്ഷിക്കുന്നതിനുമുള്ള പുതിയ തലമുറക്കു് പകർന്നു് കൊടുക്കുന്നതിനുള്ള ഏർപ്പാടാണു് സംഗീതഭാഷയായ സ്വരപ്പെടുത്തൽകൊണ്ടു് അർത്ഥമാക്കുന്നതു്. അക്കാര്യത്തിനുള്ള പരിശ്രമമാണു് ഇന്നത്തെ ആവശ്യം നാടോടിപ്പാട്ടുകളും, വടക്കൻ പാട്ടുകളും, മാപ്പിളപ്പാട്ടുകളും ശേഖരിച്ചു് അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ പലതും നടന്നിട്ടുണ്ടു്. അവ സ്വാഗതാർഹം തന്നെ. എന്നാൽ ഗാനങ്ങളുടെ അസ്ഥിപഞ്ജരങ്ങൾ മാത്രമാണു് അവയെന്ന സത്യം മറന്നുകൂടാ. ഈ അസ്ഥിപഞ്ജരങ്ങൾക്കു് മാസവും രക്തവും നൽകി, അതിൽ ആത്മാവിനെ ആവിഷ്കരിച്ചു് സചേതനമാക്കുന്ന, സംഗീതാംശത്തെക്കൂടി സംരക്ഷിച്ചെങ്കിൽ മാത്രമേ സദുദ്യമം സഫലമാകൂ. അതാണുതാനും മുകളിൽ സൂചിപ്പിച്ചതു്. അതിലേക്കാവശ്യമായ കഴിവും ആത്മാർത്ഥതയും അർപ്പണ സന്നദ്ധതയും നമ്മുടെ സംഗീത പാരമ്പര്യ സംരക്ഷണക്കുതുകികൾക്കു് ഉണ്ടാകുമാറാകട്ടെ,